I/820454/2024

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം-33.

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ : രതീശൻ സി)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം –ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ തസ്തികയിലെ സ്ഥാനക്കയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 18.09.2023 ലെ DT/1799/2024-A6 നമ്പരായ ഉത്തരവ്.
2) 25.01.2024 ലെ സി1/211/2023-തൊഴിൽ നമ്പർ കത്ത്
3) 12.02.2024 ലെ DT/1799/2024-A6 നമ്പരായ ഉത്തരവ്.
4) 12.02.2024 ലെ DT/4202/2023-A2 നമ്പരായ സീനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ സീനിയോറ്റി ലിസ്റ്റ്.
5) 22.04.2024 ലെ G1/58/2024-തൊഴിൽ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ:DT/1799/2024-A6 തീയതി: 18-05-2024**

വകുപ്പിൽ നിലവിൽ വിരമിക്കൽ /സ്ഥാനക്കയറ്റം എന്നിവയുടെ ഭാഗമായി ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ തസ്തികയിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലായി 7 ഒഴിവുകൾ നിലവിലുണ്ട്.

1.ഐ.ടി.ഐ ധനുവച്ചപുരം

2.ഐ.ടി.ഐ ചന്ദനത്തോപ്പ്

3.ആർ.ഐ.സി തൃശ്ശൂർ

4.ആർ.ഐ.സി കോഴിക്കോട്

5.ഐ.ടി.ഐ കയ്യൂർ

6.ഐ.ടി.ഐ കാസർഗോഡ്

7.ഐ.ടി.ഐ പുല്ലൂർ

കേരളാ ക്രാഫ്റ്റ്സ്മാൻ സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം മൂന്ന് നോട്ട് ഒന്ന പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ വരുന്ന ഓരോ ഒൻപത് ഒഴിവുകളിലും ആദ്യ മൂന്ന് ഒഴിവുകൾ ജനറൽ വിഭാഗത്തിൽ നിന്നും നാലാമത്തെ ഒഴിവ് ഡിപ്ലോമ ക്വാട്ടയിൽ നിന്നും അടുത്ത മൂന്ന് ഒഴിവുകൾ ജനറൽ വിഭാഗത്തിൽ നിന്നും എട്ടാമത്തെ ഒഴിവ് ഡിപ്ലോമ ക്വാട്ടയിൽ നിന്നും ഒൻപതാമത്തെ ഒഴിവ് എഞ്ചിനിയറിംഗ് ഡിഗ്രി ക്വാട്ടയിൽ നിന്നുമാണ് സ്ഥാനക്കയറ്റം അനുവദിക്കേണ്ടത്. അടുത്തതായി സ്ഥാനക്കയറ്റത്തിനു പരിഗണിക്കപ്പെടേണ്ടത് ഡിപ്ലോമ ക്വാട്ടയുടെ നാലാമത്തെ ഒഴിവിലാണ്.

2024 പൊതു തെരെഞ്ഞെടുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ മുഴുവൻ ഒഴിവുകളിലേയ്ക്കും സ്ഥാനക്കയറ്റം അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ട്. ജീവനക്കാരുടെ പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മാതൃക പെരുമാറ്റ ചട്ടത്തിൽ പ്രതിപാദിക്കുന്ന പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാനാണ് പരാമർശം 5 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളത് . ഭരണഘടനാ സ്ഥാപനം മുഖേനയുള്ള നിയമനങ്ങൾ(പി.എസ്.സി ) /പ്രോമോഷനുകൾ (ഡി.പി.സി) എന്നിവയ്ക്ക് പെരുമാറ്റ ചട്ട പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. പെരുമാറ്റ ചട്ട കാലാവധിക്ക് മുൻപ് സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പ്രോമോഷനുകൾ നടത്തേണ്ടതുണ്ട്. ആയതു പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ

നിന്നും ചുവടെപറയുന്ന 2 ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കേണ്ടതുണ്ട്.

| ക്രമ നം. | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ക്വാട്ട |
|---|---|---|---|
| 1. | ശ്രീ.വിജുകുമാർ കെ സി ,സീനിയർ ഇൻസ്ട്രക്ടർ , ഐ.ടി.ഐ കണ്ണൂർ | 653 | ഡിപ്ലോമ |
| 3. | ശ്രീ. രാജീവ് ജി ,സീനിയർ ഇൻസ്ട്രക്ടർ , ഐ.ടി.ഐ മരട് | 651 | ജനറൽ |

മേൽപ്രസ്താവിച്ച സാഹചര്യത്തിലും മേൽ പട്ടികയിലെ ക്രമ നം(2) ലെ ഉദ്യോഗസ്ഥൻ 31.5.2024 ന് സർവീസിൽ നിന്നും വിരമിക്കുന്നത് പരിഗണിച്ചും സ.ഉ (പി) നം.407/പി.ഡി തീയതി 29/11/1971 ആയി പ്രസിദ്ധീകരിക്കപ്പെട്ട കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 3(1) കെ.എസ് &എസ്.എസ്.ആർ റൂൾസ് 1958 ലെ പൊതുചട്ടം 28(ബി) (1) എന്നിവയിലെ വ്യവസ്ഥകൾക്ക് ബാധമാക്കി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള താഴെപ്പറയുന്ന ജീവനക്കാരെ 45600-95600 രൂപ ശമ്പള സ്കെയിലിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു. മാതൃക പെരുമാറ്റ ചട്ടത്തിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള പ്രോമോഷനുകൾ നടത്തുന്നതാണ്.

| ക്രമ നം. | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ക്വാട്ട | സ്ഥാനക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1. | ശ്രീ.വിജുകുമാർ കെ സി ,ഐ.ടി.ഐ കണ്ണൂർ | 653 | ഡിപ്ലോമ | ഐ.ടി.ഐ കയ്യൂർ |
| 3. | ശ്രീ. രാജീവ് ജി ,ഐ.ടി.ഐ മരട് | 651 | ജനറൽ | ആർ.ഐ.സി തൃശ്ശൂർ |

AMIE യോഗ്യത നേടുന്നവരുടെ Qualification achieve ചെയ്ത തീയതി കണക്കാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും അന്തിമ സ്പഷ്ടീകരണം ലഭ്യമാകുമ്പോൾ ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി പുന:ക്രമീകരിക്കേണ്ട സാഹചര്യമുണ്ടായാൽ ആയതു പ്രകാരം അവരുടെ സീനിയോറിറ്റി ക്രമപ്പെടുത്തുന്നതാണ്.

ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് പ്രൊവിഷണൽ ആയി സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ടു ശ്രീ കരീം കുട്ടി , സീനിയർ ഇൻസ്ട്രക്ടർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA-EKM- 288/2024 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ, ഈ ഉത്തരവ് പ്രസ്തുത കേസിന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ചിട്ടില്ല. 2024 പൊതു സ്ഥലം മാറ്റത്തിന് മുൻപ് പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിലോ /2024 പൊതു സ്ഥലം മാറ്റത്തിലോ നിലവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ ഒഴിവുള്ള സ്ഥാപനങ്ങളിലേയ്ക്ക് അർഹരായ അപേക്ഷകർ ഉള്ള പക്ഷം നിലവിൽ സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പുന:പരിശോധിക്കുന്നതാണ്.

സ്ഥാനക്കയറ്റം ലഭിച്ച് വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തുടർ ജോലികൾക്ക് നിയോഗിക്കപ്പെട്ടുകയാണെങ്കിൽ പ്രസ്തുത ജോലി

I/820454/2024

നിർവഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് ചട്ടപ്രകാരം ഉള്ള യാത്രാ ബത്തയ്ക്കും, പ്രവേശന കാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

Signed by
Retheesan C
Date: 18-05-2024 17:40:05

സ്വീകർത്താവ് : സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (മേലധികാരി വഴി)

പകർപ്പ്:- ADT, JDTഎന്നിവരുടെ സി.എ

വകുപ്പിന് കീഴിലെ സ്ഥാപനമേധാവികൾ

വകുപ്പ് വെബ്സൈറ്റ്

കരുതൽ ഫയൽ